നിലമ്പൂർ, മാടായി, കൊട്ടാരക്കര എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പുകൾ

* 165 (609) ശ്രീ. എം. കെ. കൃഷ്ണൻ
,, വി. വി. ദക്ഷിണാമൂർത്തി
,, എൻ. വാസുദേവൻപിള്ള
,, പാലൊളി മുഹമ്മദുകുട്ടി
,, സി. കണ്ണൻ
,, പി. പി. കൃഷ്ണൻ
,, സി. കെ. ബാലകൃഷ്ണൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്ന നിയോജകമണ്ഡലങ്ങളായ നിലമ്പൂർ, മാടായി, കൊട്ടാരക്കര എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പുകൾ എന്നു നടത്താനാണുദ്ദേശിക്കുന്നത്?

(ബി) പ്രസ്തുത മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പു നടത്തേണ്ടി വന്ന സാഹചര്യങ്ങൾ എന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ): (എ) നിലമ്പൂർ, കൊട്ടാരക്കര എന്നീ നിയോജകമണ്ഡലങ്ങളിലേക്കുള്ള ഒഴിവുകളിലേക്ക് 20-4-1970-ൽ തിരഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നത്. മാടായി നിയോജകമണ്ഡലത്തിലേക്കുള്ള ഒഴിവിലേക്ക് തിരഞ്ഞെടുപ്പുപരിപാടി തീരുമാനിച്ചിട്ടില്ല.

(ബി) നിലമ്പൂർ, മാടായി എന്നീ നിയോജകമണ്ഡലങ്ങളിൽ യഥാക്രമം കുഞ്ഞാലിയുടെയും മത്തായിമാഞ്ഞൂരാന്റെയും ചരമത്തെത്തുടർന്നുണ്ടായ ഒഴിവുകളിലേക്കാണ് തിരഞ്ഞെടുപ്പു നടത്തേണ്ടിയിരിക്കുന്നത്. കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ശ്രീ. ഇ. ചന്ദ്രശേഖരൻനായരുടെ രാജിയെത്തുടർന്നാണ് തിരഞ്ഞെടുപ്പുണ്ടായത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കൊട്ടാരക്കര ഉപതിരഞ്ഞെടുപ്പു പ്രചരണം മൈലം പാപ്പച്ചൻ എന്ന ഒരു കർഷകനേതാവിനെ തല്ലിക്കൊണ്ടാണ് ഉൽഘാടനം ചെയ്തതെന്ന്.....

മി. സ്പീക്കർ: ആ ചോദ്യം ഞാൻ അനുവദിക്കുന്നില്ല.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി: കൊട്ടാരക്കര മെംബർ ചന്ദ്രശേഖരൻ നായർ രാജിവയ്ക്കാനുള്ള കാരണം ഈ സഭയിലെ അച്യുതമേനോനെ അവിടെ നിറുത്തി മൽസരിപ്പിക്കാനാണെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നമ്മുടെ മുഖ്യമന്ത്രി ആ നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിൽക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി: രണ്ടു നിയോജകമണ്ഡലങ്ങൾ ഉപതിരഞ്ഞെടുപ്പിനുവേണ്ടി ഒഴിഞ്ഞുകിടക്കുമ്പോൾ ഒരാളെരാജിവയ്പ്പിച്ചുകൊണ്ട് അവിടെ ഉപതിരഞ്ഞെടുപ്പുനടത്തുന്നതെന്തിനാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനു ഞാൻ ഉത്തരം പറയേണ്ട കാര്യമില്ല. ഒഴിവുവരുന്ന നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പുനടത്തുക എന്നുള്ളതാണ് എന്റെ ജോലി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കണ്ണൻ: 67-ലെ തിരഞ്ഞെടുപ്പിൽ ഭാരതപ്പുഴയ ക്കപ്പുറത്ത നിയോജകമണ്ഡലങ്ങം കിട്ടാതിരുന്നതുകൊണ്ടാണ് മൽസരിക്കാതിരുന്നതെന്നു പറഞ്ഞു. ഇന്നിപ്പോം ഭാരതപ്പുഴയ്ക്കപ്പുറത്ത് രണ്ടു സീറ്റുകം ഒഴിഞ്ഞു കിടന്നിട്ടും കൊട്ടാരക്കര മെംബറെ രാജിവയ്പ്പിച്ചുകൊണ്ട് അവിടെനിന്നു മൽസരിക്കുന്നതെന്തിനാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വലതു കമ്മ്യൂണിസ്റ്റു പാർട്ടി യുടെ സെക്രട്ടറിയേറ്റിൽ മറുപടിക്കുള്ള സ്റ്റാമ്പു സഹിതം എഴുതി ചോദിക്കേണ്ടതാണ്.

ശ്രീ. പി. പി. കൃഷ്ണൻ: ഡെൽഹിയിൽ തെണ്ടി നടന്നിരുന്ന ഒരാളെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഇവിടെക്കൊണ്ടുവന്നു മുഖ്യ മന്ത്രി.....

മി. സ്പീക്കർ: ആ ചോദ്യം പിൻവലിക്കണം.

ശ്രീ. ടി. എ. മജീദ്: ആ ചോദ്യം പിൻവലിക്കണമെന്നു പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ആ ചോദ്യം പിൻവലിക്കുന്നോ?

ശ്രീ. പി. പി. കൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെട്ട തുകൊണ്ട് ഞാൻ പിൻവലിക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കൊട്ടാരക്കര നിയോജകമണ്ഡല ത്തിൽ ഒഴിവുവരുന്നതിനുമുമ്പുതന്നെ നിലവിലുണ്ടായിരുന്ന രണ്ടു സീറ്റു കളാണ് മാടായിയും നിലമ്പൂരും. അവിടെ തിരഞ്ഞെടുപ്പു തീയതി നിശ്ചയിക്കാതെ കൊട്ടാരക്കരയിൽ തിരഞ്ഞെടുപ്പു നടത്തുവാൻ തീരുമാനിച്ച പ്രത്യേക കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിലമ്പൂരിൽ തിരഞ്ഞെടുപ്പു നീണ്ടുപോയത് അവിടത്തെ വോട്ടർ പട്ടിക പൂർത്തിയാകാത്തതുകൊണ്ടാണ്. മാടായിയിലെ തിരഞ്ഞെടുപ്പിനു ഏർപ്പാടുകം ചെയ്തുവരുന്നതെയുള്ളു. കൊട്ടാരക്കരയിലെ തിരഞ്ഞെടുപ്പുനേരത്തെ നടത്തുവാൻ നിശ്ചയിച്ചത്, ഭരണഘടനാപരമായി മുഖ്യമന്ത്രി ആറു മാസത്തിനകം മൽസരിച്ചു ജയിക്കണ മെന്നുള്ളതുകൊണ്ടാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഈ സംസ്ഥാനത്താകെത്തന്നെ തിരഞ്ഞെടുപ്പ് എപ്പോം വേണമെങ്കിലും നടത്തുവാൻ ആവശ്യമായ നില യിൽ വോട്ടർപട്ടിക പുതുക്കുവാനുള്ള നടപടികം നിലവിലുണ്ട്. വോട്ടർ പട്ടിക ഏറെക്കുറെ പുതുക്കിക്കഴിഞ്ഞിരിക്കുകയുമാണ്. കൊട്ടാരക്കരമാത്രം പ്രത്യേക സാഹചര്യത്തിൽ ആദ്യം തെരഞ്ഞെടുപ്പു നടത്തുകയും മറ്റുള്ളവ മാറ്റിവയ്ക്കുവാനും പ്രത്യേക കാരണമുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏറെക്കുറെ എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽനിന്നുതന്നെ പൂർണ്ണമായിട്ടില്ലെന്ന് വ്യക്തമാണ്. കൊട്ടാരക്കര നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഭരണഘടനാ പരമായി തിരഞ്ഞെടുപ്പു നടത്തുന്നത് അടിയന്തിരമായ ഒരാവശ്യമാണ്. ഒഴിവു വന്നാൽ സാങ്കേതികമായി ആറുമാസത്തിനകം നടത്തിയാൽ മതി എന്നാണ് കൊട്ടാരക്കര ഭരണഘടനാപരമായി പ്രത്യേക കാരണമുള്ളതുകൊണ്ടാണ് മുമ്പേ നടത്തുവാൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഓരോ നിയോജമണ്ഡലങ്ങളിലും ഒഴിവു നോട്ടിഫൈ ചെയ്ത തീയതികളും എന്നാണ്? ഉപതിരഞ്ഞെടുപ്പു ഓരോ നിയോജകമണ്ഡലത്തിലും നടത്തുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതികളും എന്നാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നടത്തുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതികളും ഞാൻ നേരത്തെ പറഞ്ഞു. ഇതിൽ ഒന്നാമത്തെ ചോദ്യത്തിന് മറുപടി, നിലമ്പൂരിൽ ജൂലൈ 28–ാം തീയതിയാണ് വേക്കൻസി ഉണ്ടായത്. മാടായിയിൽ ജനുവരി 14–ാം തീയതിയാണ് വേക്കൻസി ഉണ്ടായത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നിലമ്പൂർ നിയോജകമണ്ഡലത്തിൽ വേക്കൻസി ഉണ്ടായിട്ട് ആറുമാസം കഴിഞ്ഞിട്ടും തിരഞ്ഞെടുപ്പു നടത്തുവാനുള്ള നടപടികളും സ്വീകരിക്കാതിരിക്കുകയും കൊട്ടാരക്കരയിൽ രാജിവച്ചയാളിന്റെ രാജി സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനു മുമ്പുതന്നെ കൊട്ടാരക്കരയിലെ വോട്ടർപട്ടിക പുതുക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യുക എന്നുള്ള നയം സ്വീകരിക്കുവാനുള്ള പ്രത്യേകകാരണം എന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: രണ്ടാമതു ചോദിച്ചതിന്റെ കാരണം രണ്ടുപചോദ്യങ്ങൾക്കു മറുപടിയായി പറഞ്ഞു. നിലമ്പൂരിനെ സംബന്ധിച്ച് പറയുവാനുള്ളത് ഇതാണ്. ഇലക്ഷൻ കമ്മിഷൻ പറഞ്ഞു അവിടത്തെ ഇലക്ഷൻ, ഇലക്ഷൻ റോൾ പുതുക്കിയതിനുശേഷം മതിയെന്നു. അതനുസരിച്ചു നവംബർ 69-ൽ പട്ടിക റിവൈസ് ചെയ്യുന്ന പ്രോഗ്രാം തുടങ്ങുകയും ചെയ്തു. 1970 ജനുവരി പതിനഞ്ചാം തീയതി അതു പബ്ലിഷ് ചെയ്തു.

ശ്രീ. കെ. കരുണാകരൻ: എന്നാണ് കേന്ദ്ര ഇലക്ഷൻകമ്മീഷന്റെ നിർദ്ദേശം വന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 18–11–1969-ൽ ആണ്.

ശ്രീ. കെ. കരുണാകരൻ: ജൂലൈ മാസത്തിലുണ്ടായ ഒഴിവ് കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം വരുന്നതുവരെ നടത്താതെയിരിക്കുവാൻ മുൻഗവൺമെന്റ് എന്തു കാരണമാണ് കാണിച്ചിരിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു വ്യക്തമായി പറയുവാൻ സാധിക്കുകയില്ല. ആറുമാസത്തിനുള്ളിൽ നടത്തണമെന്നതാണ് ഭരണഘടനാപരമായ നില.

ശ്രീ. കെ. കരുണാകരൻ: നവമ്പറിലാണ് സെൻട്രൽ ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം വന്നത്. ഒഴിവുണ്ടായി അഞ്ചുമാസത്തിനിടയ്ക്കു തിരഞ്ഞെടുപ്പു നടത്താതിരുന്ന കാരണം എന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ഗവൺമെന്റ് പഴയ ഗവൺമെന്റിന്റെ തുടർച്ചയാണെങ്കിലും അതിന്റെ കാരണം ഇപ്പോഴം പറയുവാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി: മാടായി നിയോജക മണ്ഡലത്തിലെ വോട്ടേഴ്സ് ലിസ്റ്റ് ഇതുവരെ പുതുക്കിയിട്ടില്ലെന്നാണോ ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അല്ല. അവിടത്തെ വോട്ടർ പട്ടിക പുതുക്കിയിട്ടുണ്ട്. കേന്ദ്ര ഇലക്ഷൻ കമ്മീഷനുമായി ആലോചിച്ച് ആണ് തീയതി നിശ്ചയിക്കേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരി: അതു എനിക്ക് മനസ്സിലായില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇലക്ഷനുള്ള തീയതി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടില്ല. ഇലക്ഷൻ കമ്മീഷനുമായി ആലോചിച്ചുവരികയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഗവൺമെൻറ്, മാടായി നിയോജകമണ്ഡലത്തിലെ വോട്ടർപട്ടിക പൂർത്തിയായിട്ടുണ്ട്; തീയതി നിശ്ചയിക്കണമെന്ന് ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തീയതി നിശ്ചയിക്കണമെന്ന് ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടില്ല. ആറു മാസത്തിനിടയിൽ ഇലക്ഷൻ നടത്തിയാൽ മതിയെന്നാണ്. തീയതി അടുത്തമാസത്തിൽ തീരുമാനിക്കത്തക്ക വിധത്തിൽ ഇലക്ഷൻ കമ്മീഷൻ എഴുതുകയുണ്ടായിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: മാടായി നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പു നടത്തിയാൽ അവിടെ ഭരണകക്ഷി തോറ്റുപോകുമെന്നുള്ളതുകൊണ്ടാണോ തീയതി നിശ്ചയിക്കാതിരുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിലമ്പൂരിൽ എതിർ കക്ഷി തോറ്റുപോകുമെന്നാണോ സൂചന?

ശ്രീമതി കെ. ആർ. ഗൗരി: മാടായി നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം യാതൊരു ഹോപ്പും ഇല്ലാത്തതുകൊണ്ട് ആ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നതു മര്യാദയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങനെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ നിന്നും നിലമ്പൂരിൽ അൽപ്പം ഹോപ്പ് ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സമ്മതിക്കുകയായിരിക്കും.

ഡാക്ടർ ജോർജുതോമസ്: അങ്ങു പറഞ്ഞതനുസരിച്ച് ആദ്യം നിലമ്പൂരും, രണ്ടാമത് മാടായിയിലും മൂന്നാമത് കൊട്ടാരക്കരയിലും ഒഴിവുവന്നു. മാടായിയിലെ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടും ഉണ്ട്. ഇങ്ങനെയാണെങ്കിൽ ഈ നിലമ്പൂർ നിയോജകമണ്ഡലത്തിലും കൊട്ടാരക്കര നിയോജകമണ്ഡലത്തിലും തിരഞ്ഞെടുപ്പു നടക്കുന്നതോടൊപ്പം മാടായിയിലെ തിരഞ്ഞെടുപ്പും നടക്കണമെന്ന് ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെടാതിരിക്കുവാൻ പ്രത്യേക കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിലമ്പൂരിലെ വോട്ടർ പട്ടിക പൂർത്തിയായിരുന്നു. എന്നാൽ മാടായിയിലെ വോട്ടർ പട്ടിക അന്നു പൂർത്തിയായിരുന്നില്ല. കൊട്ടാരക്കരയ്ക്കു മുൻഗണന നൽകുവാനുള്ള കാരണം നേരത്തെ പറഞ്ഞു.

ഡാക്ടർ ജോർജുതോമസ്: കൊട്ടാരക്കരയിൽ വോട്ടർപട്ടിക പൂർത്തിയാക്കുവാൻ സ്പെഷ്യൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്പെഷ്യൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. കൊട്ടാരക്കരയിൽ വളരെവേഗം പൂർത്തിയാക്കുവാനുള്ള കാരണം ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. എ. ശിവരാമഭാരതി: ഇലക്ഷൻ കമ്മീഷൻ കഴിഞ്ഞ ജനുവരിയിൽ എല്ലാ മണ്ഡലങ്ങളിലെയും വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥിതിക്ക് മാടായിയിലും നിലമ്പൂരിലും തീയതി നിശ്ചയിക്കുന്നതിനു താമസമുണ്ടാകുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കൊട്ടാരക്കരയിൽ തിരഞ്ഞെടുപ്പു നടത്തുവാനുള്ള സാഹചര്യം ഞാൻ നേരത്തെ വിവരിച്ചുകഴിഞ്ഞു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എല്ലാം തയാറാക്കി ഇലക്ഷൻ കമ്മീഷനു അയയ്ക്കേണ്ടതായിരുന്നു. ഭരണഘടനാപരമായി മുഖ്യമന്ത്രി ഇലക്ഷനു നിൽക്കുന്ന സീറ്റായതുകാണ്ടാണ് മുഖ്യമന്ത്രി ഇത്ര ദിവസത്തിനുള്ളിൽ ഇലക്ടു ചെയ്തു വരണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കൊട്ടാരക്കരയിലെ തിരഞ്ഞെടുപ്പു ആദ്യമേ നിശ്ചയിച്ചത്. മറ്റുള്ളിടത്ത് ഇലക്ഷൻ നടത്താതെ ഒഴിഞ്ഞുമാറാൻ സാധ്യമല്ല.

ശ്രീ. എം. കെ. ദിവാകരൻ: 1967-ൽ ഐക്യമുന്നണി ജനങ്ങളുടെ മുൻപിൽ വച്ച പരിപാടി നടപ്പാക്കാതെ ഇ. എം. എസ്. ഒഴിഞ്ഞുപോയത്കൊണ്ടല്ലേ അച്യുതമേനോന് ആ പരിപാടി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറെടുക്കേണ്ടിവന്നത്?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: കൊട്ടാരക്കരയിലെ തിരഞ്ഞെടുപ്പിനെപ്പറ്റി ഇത്രയേറെ ബഹളങ്ങളുണ്ടാക്കുന്നത് മാർക്സിസ്റ്റു പാർട്ടിക്ക് അവിടെ സ്ഥാനാർത്ഥിയെ വേണമെന്ന് പരസ്യപ്പെടുത്തിയിട്ടു സ്ഥാനാർത്ഥിയെ കിട്ടാത്തതുകൊണ്ടല്ലേ

മി. സ്പീക്കർ: ആർഡർ, ആർഡർ. ആ ചോദ്യം അനുവദിക്കത്തക്കതല്ല.

(ബഹളം)

മി. സ്പീക്കർ: ആർഡർ, ആർഡർ. എല്ലാവരുംകൂടി ഇങ്ങനെ ബഹളം ഉണ്ടാക്കുന്നത് എന്തിനാണ്? ചോദ്യം അനുവദിച്ചില്ലല്ലോ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നിലമ്പൂർ മണ്ഡലത്തിൽ ഭരണകക്ഷിക്ക് സ്വൽപ്പം സാധ്യത ഉണ്ടെന്നു സൂചിപ്പിച്ചുകൊണ്ട് സംസാരമുണ്ടായി. അങ്ങനെയാണെങ്കിൽ അങ്ങനെയൊരു നിയോജകമണ്ഡലം നിലമ്പൂർ കിടക്കുമ്പോൾ കൊട്ടാരക്കരയിലെ മെംബർ രാജിവച്ചത് എന്തുകൊണ്ടാണ്?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇനി ഇതിന്റെ ചാൻസ് ഒക്കെ കൊട്ടാരക്കരെപോയി നോക്കിയാൽ മതി.

ആയുർവ്വേദാശുപത്രികൾ

* 166 [610] ശ്രീ. എം. കെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആയുർവ്വേദ ആശുപത്രികൾ നടപ്പുവർഷത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly.